പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2499 **12.06.2018 ൽ മറുപടിയ്ക്ക്**

പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം

ചോദ്യം		ഉത്തരം	
ശ്രീ. പി. ടി. തോമസ് ശ്രീ. വി. ടി. ബൽറാം		ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)	
(എ)	സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച മന്ത്രിസഭാ തീരുമാനങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?	(എ)	ഉണ്ട്. പാലക്കാട് ജില്ലയിലെ അഗളി അട്ടപ്പാടി പ്രദേശത്ത് 8 MW മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ NHPC യ്ക്ക് മന്ത്രിസഭാ തീരുമാന പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. പ്രസ്തുത സംരംഭം നടപ്പിലാക്കുന്നതിലേയ്ക്കായി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.
(ബി)	പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിൽ ഉദ്ദേശിച്ച പുരോഗതി കേരളം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;	(ബി)	2012-ലെ 'Small Hydro Policy' പ്രകാരം 2017-ഓടെ 150 മെഗാവാട്ടിന്റെ വർദ്ധന ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും സ്വകാര്യ പങ്കാളിത്തം വഴി ലക്ഷ്യമിട്ടിരുന്നു. എന്നാൽ ഏകദേശം 38.41 മെഗാവാട്ട് വർദ്ധന മാത്രമാണ് KSEB-യുടേത് ഉൾപ്പെടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും നടപ്പിലായത്. ജലവൈദ്യുത പദ്ധതി സാധ്യതാ പ്രദേശങ്ങൾ വനം മേഖലയിലാണെന്നതുകൊണ്ട് വനം-പരിസ്ഥിതി വിഷയങ്ങളാൽ തടസ്സപ്പെടുന്നു, സൗരോർജ്ജ പദ്ധതികൾക്കുവേണ്ട ഭൂമി ലഭ്യതകുറവ്, കാറ്റിൽ നിന്നുള്ള പദ്ധതികളുടെ സാദ്ധ്യതാ പ്രദേശങ്ങൾ പശ്ചിമഘട്ട മേഖലയിലായതിനാൽ വേണ്ട ഭാരവും വലിപ്പവുമേറിയ സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയവ പദ്ധതികൾ നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

			ഇന്ത്യയിലെ ജനസാന്ദ്രതയേറിയതും സ്ഥലദൗർലഭ്യമുള്ളതുമായ സംസ്ഥാനമാണ് കേരളം. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിന് നാലുമുതൽ അഞ്ച് ഏക്കറോളം സ്ഥലം ആവശ്യമായി വരും. കെ.എസ്.ഇ.ആർ.സി യുടെ നോട്ടിഫിക്കേഷൻ നമ്പർ 442/CT/2015/KSERC dtd. Thiruvanthapuram 02.11.2017 പ്രകാരം 2017-18 ലേക്ക് 1.5% (ie, 130.77 MW) വൈദ്യുതി സൗരോർജ്ജത്തിൽ നിന്നും ഉത്പ്പാദിപ്പിക്കേണ്ടതായിരുന്നു. മേൽപ്പറഞ്ഞ പരിമിതികൾ ഉണ്ടായിരുന്നെങ്കിലും, 2017-18 സാമ്പത്തിക വർഷം 1.23% (ie, 107.166 MW) ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞു. അനെർട്ട് പാരമ്പര്യേതര ഊർജ്ജോല്പാദന രംഗത്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സൗരോർജ്ജ വൈദ്യുതി ഉല്പാദന രംഗത്ത് കേരളത്തിലെ സ്ഥല ദൗർലഭ്യം ഒരു പ്രധാന പരിമിതിയാണ്. ഇത് കണക്കിലെടുത്ത് പുരപ്പുറ (Roof Top) സൗരോർജ്ജ വൈദ്യുതി ഉല്പാദന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ഈ രംഗത്ത് കൈവരിച്ച നേട്ടത്തിന് അനെർട്ടിന് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ വളർച്ച കണക്കിലെടുത്ത് ഗ്രിഡ് കണക്ട് സൗരോർജ്ജ പ്ലാന്റുകൾക്കാണ് ഇപ്പോൾ മുൻതൂക്കം. ഇത് വ്യാപകമാക്കുവാൻ കെ.എസ്.ഇ.ബി.യുടെ സഹകരണത്തോടെ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുവാൻ അനെർട്ട് ഉദ്ദേശിക്കുന്നു.
(സി)	പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?	(സി)	പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉത്പ്പാദനം പ്രോത്സാഹിപ്പിക്കുക എന്ന കേരള സർക്കാർ നയത്തിന്റെ ഭാഗമായി 2021 –ഓട് കൂടി 1050 മെഗാവാട്ട് വൈദ്യുതി, കെ.എസ്.ഇ.ബി.ലിമിറ്റഡ് അനർട്ടുമായി ചേർന്ന് സൗര പദ്ധതികളിൽ നിന്നും ഉത്പ്പാദിപ്പിക്കാനുള്ള പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

പ്രോജക്ടിന്റെ പരിധി

പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി	500 മെഗാവാട്ട്
ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താത്പര്യമുള്ള സംസ്ഥാ- നത്തെ നിക്ഷേപകർ വഴി.	200 മെഗാവാട്ട്
കെ.എസ്.ഇ.ബി.എൽ -ന്റെ റിസർവോയറുകൾ, കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ	150 മെഗാവാട്ട്
സോളാർ പാർക്കുകൾ വഴി	100 മെഗാവാട്ട്
ജലസേചന വകുപ്പിന്റെ കനാലുകളുടെ മുകളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾ വഴി	50 മെഗാവാട്ട്
വെസ്റ്റ് കല്ലട, എൻ.റ്റി.പി.സി യുടെ കൈവശമുള്ള ഭൂമി, തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഭൗമോപരിതല സോളാർ പദ്ധതികൾ വഴി	50 മെഗാവാട്ട്
ആകെ	**1050 മെഗാവാട്ട്**

കെ.എസ്.ഇ.ബി.എൽ നിർമ്മാണം പൂർത്തിയാക്കിയതും, നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.

അനെർട്ട് മുഖേന പാരമ്പര്യേതര ഊർജ്ജ ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്. രാമക്കൽമേട്ടിൽ 3 മെഗാവാട്ട് ശേഷിയുള്ള സോളാർ-വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. **1.4** മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

			MNRE യുടെ (Ministry of New of Renewable Energy) ഇൻസെന്റീവ് പദ്ധതി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിതവും, അല്ലാത്തതുമായ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ അനെർട്ട് മുഖേന വിവിധ സർക്കാർ സ്ഥാപനങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ ഡെപ്പോസിറ്റ് വർക്ക് ആയി സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും നടന്നു വരുന്നു. കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ NHPC യ്ക്ക് അട്ടപ്പാടി പ്രദേശത്ത് 8MW വിന്റ് ഫാം സ്ഥാപിക്കുവാനായി സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഇത് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

GOVERNMENT OF KERALA

Abstract

Power Department- NHPC Ltd.- Setting up of 8 MW Wind Farm Project in Agali Panchayat, Attappady in Palakkad District - - Sanction accorded- Orders issued.

POWER(PS) DEPARTMENT

G.O.(Ms)No. 24/2017/POWER Dated,Thiruvananthapuram,07/12/2017

Read: 1 G.O.(Ms)No. 7/2007/PD dated 11/05/2007
2 G.O.(Ms)No. 34/2011/PD dated 06/09/2011.
3 Letter No. 5813/WF/NHPC/ANERT/2013 dated 22/09/2015 from the Director, ANERT
4 Letter No. NH/RE&C/2017/658 dated 16/06/2017 from the Executive Director, NHPC Ltd.
5 Letter No.REES/Wind project-NHPC/2016-17/798 dated 23/06/2017 from the Chairman & Managing Director, KSEBL.

ORDER

Government have issued guidelines for development of wind farms on private lands as per orders first cited above.

NHPC Ltd has submitted a Detailed Project Report for setting up of an 8 MW Wind Farm Project in Agali Panchayat.

As per the letter read as 3rd paper above, Director, ANERT has confirmed that micrositing has been completed for the project proposed. The proposed sites fall in Zone II Wind speed site as per National Institute of Wind Energy (NIWE).

KSEBL and NHPC Ltd have agreed that the power will be purchased by KSEBL from NHPC only on the basis of a rate to be negotiated between them.

KSEBL has confirmed that they have evacuation capacity of power up to 8 MW in that area.

The project is unique in that the tribal landowners are being given 5% of the gross revenue by the NHPC through KSEBL.The proposed sites for setting up of 8 MW Wind Farm Project have been jointly inspected by NHPC, ANERT, Revenue Department, KSEBL and Scheduled

Tribe Development Department. The consent of the Oorukoottam has also been taken for the project.

Out of 9 sites in Agali Panchayat, the following 7 sites owned by tribals have been found suitable by all concerned.

Sl. No.	NHPC ID	Survey No.	Name and address of the Land Owners	Wind Energy Generator Rotor Size
1	NHPC 5	1054/Pt	1.Rengammal W/o Kaliyappan, Kavundikkal	120M Dia
2	NHPC 6	1054/Pt 1054/Pt	1. Raman, Kavundikkal 2. Marugan S/o Mari, Kavundikkal	120M Dia
3	NHPC 12	1031 Pt	1. Maruthan S/o Velly, Kuravankandi, Thavalam	120M Dia
4	NHPC 45	963/Pt 963/Pt 963/Pt 963/Pt	1. Laxmanan, Kavundikkal 2. Rangan S/o Nanchan, Kavundikkal 3. Chellan, Kavundikkal 4.Thamandan, Kavundikkal	90M Dia
5	NHPC 8	1015/Pt	1. Kaliyathal D/o Nagi, Kavundikkal	50M Dia

6	NHPC 44	999/7,8	1. Chellan S/o Kariyan, Kavundikkal	90M Dia
7	NHPC 3	1044/Pt 1044/Pt	1. Kumar S/o Velusamy, Kavundikkal 2.Mani S/o Ramamooppan, Paaloor	90M Dia
		1044/Pt	3. Resan, Kathirampathy	90M Dia
		1044/Pt	4. Dhoothan, Kavumdikkal	90M Dia

It is reported that around 5 acres of land would be required for installing 1 MW capacity Wind Mills.

The orders read as 2nd paper above stipulates that 5% of the income from the gross revenue will be paid to the landowner.

Government have examined the matter in detail and are pleased to accord sanction to NHPC for setting up a wind farm project of 8 MW in Agali Panchayat, Attappady in Palakkad District subject to the following conditions:-

i) The wind mills shall be installed on the above-mentioned plots owned by tribals with the boundary clearance as specified in the orders 1st cited above.

ii) The tariff for power purchase shall be fixed through negotiations between KSEBL and NHPC.

iii) The plots will be made available to NHPC on Right to Use basis for the life of the project of 25 years.

iv) NHPC shall pay 5% of the gross revenue to the tribal landowners whose land is used for setting up

wind mill through KSEBL as per order read as 1st paper above. KSEBL shall deduct the amount due to the tribals from the payment due to NHPC and directly remit the amount to the bank account of the tribal landowners in consultation with the Oorukoottam.

v) Necessary technical clearance shall be obtained by NHPC as per the guidelines in the order 1st cited above.

By order of the Governor
PAUL ANTONY
ADDITIONAL CHIEF SECRETARY

To:-

The Chairman & Managing Director, KSEBL
The Secretary, KSERC (with C/L)
The Executive Director, NHPC Ltd., NHPC Office Complex, Sector 33,
Faridabad, Hariyana.
The District Collector, Palakkad
The Director, ANERT, Thiruvananthapuram
The Director, Energy Management Centre, Thiruvananthapuram
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
The General Administration (SC) Department (Item No. 1679 dated 29.11.17)
The Scheduled Caste/Scheduled Tribe Development Department
(Vide U.O. Note 848371/D2/16/SCSTDD dated 4/08/2017)
The Revenue Department(vide U.O.(i) No. 31907/R1/16/RD dated
12/08/2016)
The I&PR (Web and New Media) Department (for wide publicity)
Stock File/Office Copy

Copy to:
CPS to CM
P.S to Minister for Power
P.A to ACS (Power)

Forwarded/By order
Section officer

അനുബന്ധം 2

കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

നം.	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാ വാട്ട്)	പൂർത്തീകരിച്ച തീയതി
1	കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്)	1.00	20.08.2015
2	ചാലിയൂർ ആദിവാസി കോളനിയിലെ വീട്ടുകളുടെ മേൽക്കൂരയിൽ	0.096	31.08.2015
3	പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ	0.050	10.09.2015
4	ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ	0.010	21.01.2016
5	ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി	0.003372	21.01.2016
6	കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത്	1.00	08.08.2016
7	പടിഞ്ഞാറത്തറ ഡാമിനു മുകളിൽ	0.40	29.08.2016
8	ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത്	1.25	05.09.2016
9	ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം	0.7	07/2017
10	പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി)	0.047	30.11.2016
11	ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക്	1.00	07.11.2016
12	പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി)	0.018	30.11.2016
13	ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ്	3.00	17.11.2016
14	തലക്കുളത്തൂർ, കോഴിക്കോട്	0.65	22.04.2017

15	കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം)	0.910	02/2018
16	കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം)	0.46	21.12.2017
17	തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ	0.03	17.05.2017
18	മഞ്ചേശ്വരം കാസർഗോഡ്	0.50	30.05.2017
19	കറ്റിപ്പുറം	0.50	28.11.2017
20	ബാണാസുരസാഗർ റിസർവ്വോയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ്	0.50	04.12.2017
21	പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം	1.25	15.01.2018
22	പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത്	2.00	02.02.2018
23	പീരുമേട്, ഇടുക്കി	0.50	23.04.2018
	ആകെ	15.874372	
1	ഓൺ ഗ്രിഡ് കൺസ്യൂമേഴ്സ്	10.052	
2	സിയാൽ	30	11.12.2017
3	IREDA	50	14.09.2017
4	അനർട്ട്	2	09.12.2016
5	ഹിൻഡാൽകോ	1	31.03.2016
	ആകെ	106.926372	

നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

നം.	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാ വാട്ട്)	ഇപ്പോഴത്തെ നിലവാരം	കരാർ തുക (കോടി)
1	ഏറ്റുമാനൂർ, കോട്ടയം	1.00	Wet land issue	6.6872
2	നെന്മാറ	1.5	വർക്ക് ഓർഡർ നൽകി (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു)	9. 69
3	പൊന്നാനി, മലപ്പുറം	0.50	നിർമ്മാണം ആരംഭിച്ചു (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു)	3.539052
4	ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം)	0.67	2018-19 ൽ പൂർത്തീകരിക്കും	5.125
5	ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം)	0.480	2018-19 ൽ പൂർത്തീകരിക്കും	3.3018
6	ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം)	0.110	2018-19 ൽ പൂർത്തീകരിക്കും	0.7339
7	ജില്ലാ പഞ്ചായത്ത് കാസർഗോഡ് (3 നം)	0.195	2018-19 ൽ പൂർത്തീകരിക്കും	1.38584
8	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നം)	0.027	2018-19 ൽ പൂർത്തീകരിക്കും	0.15
9	സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം)	0.057	2018-19 ൽ പൂർത്തീകരിക്കും	0.40595
10	കൊട്ടിയം, കൊല്ലം	0.60	2018-19 ൽ പൂർത്തീകരിക്കും	3.75
11	മയിലാട്ടി, കാസർഗോഡ്	1.00	2018-19 ൽ പൂർത്തീകരിക്കും	5.82
12	മാടക്കത്തറ ചൂളിശ്ശേരി	1.5	2018-19 ൽ പൂർത്തീകരിക്കും	ടെൻഡർ നടപടികൾ പുരോഗമിക്കുന്നു
13	കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ	1.12	2018-19 ൽ പൂർത്തീകരിക്കും	

14	8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം)	0.04	2018-19 ൽ പൂർത്തീകരിക്കും	31.55
15	ജില്ലാ പഞ്ചായത്ത് കാസർഗോഡ് (5 നം) – രണ്ടാം ഘട്ടം	0.335	2018-19 ൽ പൂർത്തീകരിക്കും	
16	മെഡിക്കൽ കോളേജ് തിരുവനന്തപുരം	1.1	2018-19 ൽ പൂർത്തീകരിക്കും	
	ആകെ	10.234		

നം.	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗാ വാട്ട്)	
1	റിവേഴ്സ് ബിഡ്ഡിങ്ങിലൂടെ വിവിധയിടങ്ങളിൽ ഉത്പ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്ന പദ്ധതി	200	ഡോക്യുമെന്റ് പ്രിപ്പയാർ ചെയ്ത് തുടർ നടപടികൾക്കായി ചീഫ് എഞ്ചിനീയർ (സി & റ്റി) ഓഫീസിലേയ്ക്ക് കൈമാറിയിട്ടുണ്ട്.
2	കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതി	50	ഇതിൽ 10 മെഗാവാട്ട് ആദ്യഘട്ടത്തിലും ശേഷമുള്ള 40 മെഗാവാട്ട് വിവിധഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ